**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3953** **03-03-2023 - ൽ മറുപടിയ്ക്ക്**

**വിവ കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വിളർച്ചയിൽ നിന്ന് വളർച്ചയിലേയ്ക്ക് (വിവ) കേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ? | (എ) | കേരളത്തിലെ സ്ത്രീകൾക്കിടയിലെ വിളർച്ച എന്ന പ്രശ്നം പഠിക്കുവാനും വിളർച്ച നിർമ്മാർജ്ജനം ചെയ്യുവാനുമുള്ള പരിപാടികളുടെ ഭാഗമായി ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "വിവ" (വിളർച്ചയിൽ നിന്നും വളർച്ചയിലേക്ക്).<br><br>കേരളത്തിലെ 15-59 വയസ് വരെയുള്ള സ്ത്രീകളെ കേന്ദ്രീകരിച്ചാണ് വിവ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. രക്തത്തിൽ ഹീമോഗ്ലോബിന്റെ അളവ് നിശ്ചിത അനുപാതത്തിൽ കുറയുമ്പോൾ ഉണ്ടാകുന്ന അവസ്ഥയാണ് അനീമിയ/ വിളർച്ച. വിവ പദ്ധതിയിലൂടെ 15-59 വയസ് വരെയുള്ള എല്ലാ സ്ത്രീകളുടെയും ഹീമോഗ്ലോബിൻ നില അറിയുന്നതിന് രക്തപരിശോധന നടത്തി ചികിത്സ, ബോധവൽകരണം എന്നിവ ലക്ഷ്യം വെയ്ക്കുന്നു.<br><br>തദ്ദേശ സ്വയംഭരണ വകുപ്പ്, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്, വനിതാ ശിശുവികസന വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ് മറ്റ് അനുബന്ധ വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടെയാണ് വിവ ക്യാമ്പയിൻ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ